കൂടാതെ കാർഷിക വിഭവങ്ങളുടെ വിപണനസൗകര്യം ഉറപ്പാക്കുന്നതിനും കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) (1) ഉൽപ്പാദന ഉപാധികളായ വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു.

2) അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി കിണർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു.

3) നെൽക്കൃഷിക്ക് ഉൽപ്പാദന ബോണസ് നൽകുന്നു.

4) രണ്ടു ഹെക്ടർവരെ ഭൂമിയുള്ള കർഷകർക്ക് സൗജന്യ വൈദ്യുതി

5) കാർഷിക യന്ത്ര ഉപകരണങ്ങളായ ട്രാക്ടർ ടില്ലർ, മെതിയന്ത്രം എന്നിവ സൗജന്യ നിരക്കിൽ കർഷകർക്കും കർഷകസമിതികൾക്കും നൽകുന്നു.

6) ഹരിതസംഘങ്ങൾവഴി പച്ചക്കറി വിപണനത്തിന് സൗകര്യം ഏർപ്പെടുത്തുന്നു.

(സി) കൃഷിച്ചെലവ് ഫലപ്രദമായി കുറയ്ക്കുന്നതിന് കാർഷിക യന്ത്രവൽക്കരണം പരമാവധി കൃഷിയിടങ്ങളിൽ നടപ്പാക്കുന്നു. ട്രാക്ടറുകൾ ടില്ലർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, പാറ്റൽ യന്ത്രം തുടങ്ങിയവ സൗജന്യമായി പാടശേഖര സമിതികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നൽകുന്നു. രാസവള ചെലവ് കുറയ്ക്കുന്നതിന് ജൈവവളപ്രയോഗവും ജൈവാണുവള പ്രയോഗവും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

99 (2661) പച്ചക്കറി ഉൽപ്പാദനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ എത്ര ശതമാനം പച്ചക്കറിയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പച്ചക്കറിക്കായി അയൽസംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പച്ചക്കറി ഉൽപ്പാദന വിതരണ രംഗങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ സ്വീകരിച്ച നടപടിമൂലം ഈ രംഗത്തുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30 ശതമാനത്തോളം ഉൽപ്പാദനം ഉണ്ടായിരുന്നു. ഇപ്പോൾ ഊർജ്ജിത പച്ചക്കറി പദ്ധതി ആരംഭിച്ചശേഷം ഇത് 60 ശതമാനം ആയി വർദ്ധിച്ചിട്ടുണ്ട്.

(ബി) ആശ്രയിക്കേണ്ടിവന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിപ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഹരിതസംഘങ്ങൾ മുഖേന പച്ചക്കറികൃഷി നടപ്പിലാക്കി വരുന്നു. ഹരിതസംഘങ്ങൾ കൂടാതെ കാർഷിക സർവ്വകലാശാല ഹോർട്ടികൾച്ചറൽ പ്രോഗ്രാം, ഹോർട്ടിക്കൾച്ചറൽ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽപാം ഇൻഡ്യാ ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ സ്കൂളുകൾ, വീട്ടമ്മമാർ എന്നിവരും ഈ സംരംഭത്തിൽ പങ്കാളികളായി. ദേശീയ നീർമറി പ്രദേശങ്ങളിലും ഹരിത സംഘങ്ങൾ രൂപീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുകയുണ്ടായി. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി ഹോർട്ടികോർപ്പ് നേരിട്ടുവാങ്ങി ഹരിത സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതു കൂടാതെ, സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ചിട്ടുള്ള വിപണനകേന്ദ്രം മുഖേനയും വിതരണം നടത്തുന്നു. കെ.എച്ച്.ഡി.പി. സംസ്ഥാനത്ത് ഏഴ് ജില്ലകളിൽ സ്വാശ്രയ കർഷക വിപണികൾ സ്ഥാപിച്ച് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്.

(ഇ) നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് 18407 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറികൃഷി നടത്തുന്നതിന് സാധിച്ചു. പദ്ധതി ആരംഭിച്ച 1997-98 മുതൽ നാളിതുവരെ 340 കോടി രൂപ വിലവരുന്ന 5.59 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. അന്യസംസ്ഥാനങ്ങളിൽനിന്നും പച്ചക്കറി ഇറക്കുമതിയിൽ 40 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഹരിതസംഘങ്ങൾ ഉൽപ്പാദിപ്പിച്ച പച്ചക്കറി ഹോർട്ടികോർപ്പ് മുഖേന കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുകവഴി പച്ചക്കറി വില പിടിച്ചുനിറുത്താൻ കഴിഞ്ഞു. 62409 കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളായി. 37,56,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

100(2662) പച്ചക്കറിയിൽ സ്വയംപര്യാപ്തത

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(ബി) ഇതിലേക്കു വേണ്ടി എന്തു തുകയാണ് കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ചെലവഴിച്ചിട്ടുള്ളതെന്നും 1999-2000-ലെ വാർഷിക ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറിക്ഷാമം പരിഹരിച്ച് സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതിപ്രകാരം ഹരിതസംഘങ്ങൾ രൂപീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നു. കൃഷി വകുപ്പിനെ കൂടാതെ കാർഷിക സർവകലാശാല സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ, ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly